# ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് — ജീവനക്കാര്യം — സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലുള്ള 17 ജീവനക്കാരെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ആയി ഉദ്യോഗക്കയറ്റം നൽകി 07.09.2016-ൽ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്യുന്നു — ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-
1. ഉത്തരവ് നം. ഇ$_5$-23275/12/DIMS തിയതി: 05.08.2016
2. ഉത്തരവ് നം. ഇ$_5$-23275/12/DIMS തിയതി: 07.09.2016
3. ഉത്തരവ് നം. ഇ$_5$-23275/12/DIMS തിയതി: 08.02.2017
4. ഉത്തരവ് നം. ഇ$_5$-23275/12/DIMS തിയതി: 20.04.2017

ഉത്തരവ് നമ്പർ. ഇ$_5$-23275/2012/ഡി.ഐ.എം.എസ്. തിയതി: 21.04.2017

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ മേൽപരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളും, പരാതികളും ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ലിസ്റ്റ് മേൽപരാമർശം (3) പ്രകാരം റദ്ദാക്കിയും പുനഃക്രമീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചും മേൽപരാമർശം (4)പ്രകാരം ഉത്തരവായിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരാമർശം (1) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലുള്ള 17 ജീവനക്കാരെ മേൽപരാമർശം (2) പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ആയി ഉദ്യോഗക്കയറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു. പരാമർശം (2)ലെ ഉത്തരവിൽ (ക്രമ നം.13) നെടുമ്പന ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ശ്രീമതി ബിന്ദു.എൻ.എസ്.-നെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ആയി

മറുപുറം

ഉദ്യോഗക്കയറ്റം നൽകി പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ നിയമിച്ചിരുന്നു. തുടർ ഉത്തരവ് വരുന്നതുവരെ ടിയാൾ പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ആയി തുടരാവുന്നതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ജീവനക്കാർക്ക്

പകർപ്പ്:-

1. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, പേരൂർക്കട/വടവാതൂർ/ആലപ്പുഴ/എറണാകുളം
2. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, മങ്ങാട്ടുപറമ്പ/കൊട്ടിയം/തൃപ്പലഴികം/ഒല്ലൂർ/കോട്ടയ്ക്കൽ/പാല/നെടുമ്പന/കേരളപുരം/ആശ്രാമം
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല, കൊല്ലം/മധ്യ മേഖല, എറണാകുളം/ഉത്തര മേഖല, കോഴിക്കോട്
4. ഇ-ഗവേണൻസ് സെക്ഷൻ
5. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്